ഉത്തരം

(എ) ഇല്ല.

(ബി) കമ്പനിയുടെ താൽക്കാലിക കണക്കുകൾ പ്രകാരം 1986-87 മുതലുള്ള ലാഭനഷ്ടക്കണക്കുകൾ ചുവടെ ചേർക്കുന്നു.

1986-87 0.11 ലക്ഷം രൂപ നഷ്ടം
1987-88 1.89 ലക്ഷം രൂപ നഷ്ടം
1988-89 6.23 ലക്ഷം രൂപ നഷ്ടം
1989-90 1.55 ലക്ഷം രൂപ നഷ്ടം

(സി) 1985-86 സാമ്പത്തിക വർഷം കമ്പനി ലാഭകരമായി പ്രവർത്തിച്ചു.

(ഡി) ഉണ്ട്.

(ഇ) സർക്കാർ ഉടമയിൽ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നതും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടങ്ങൾക്ക് കമ്പനിയുടെ ഉല്പന്നങ്ങൾ പരമാവധി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുക്കയും താരതമ്യേന വിലകുറഞ്ഞ ഫ്ളൈ ആഷ് ഇഷ്ടികയുടെ ഉല്പാദനം കൂട്ടുകവഴി ഉല്പന്നങ്ങളുടെ ചിലവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനും ഉദ്ദേശിക്കുന്നു.

(എഫ്) അസംസ്കൃത സാധനങ്ങൾ പുറത്തുനിന്നും വാങ്ങുന്നതിന് നിയമാനുസൃതം കമ്മീഷൻ ടെൻഡർ വിളിച്ച് കോൺട്രാക്ട് നൽകുകയോ അല്ലെങ്കിൽ പൊതു മേഖലാസ്ഥാപനങ്ങൾ മറ്റു വ്യവസായ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നോ നേരിട്ടു വാങ്ങുകയോ ആണ് ചെയ്യുന്നത്.

(ജി) കഴിഞ്ഞ മൂന്നു വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ പ്രതിമാസം ശരാശരി ഉൽപ്പാദനത്തിൽ 2.45 ലക്ഷം ഇഷ്ടികയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ പയ്യനാട് ഫംഗ്ഷണൽ എസ്റ്റേറ്റിന്റെ കെട്ടിട നിർമ്മാണം

14. [2268] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ പയ്യനാട് തുടങ്ങിയ ഫംഗ്ഷണൽ എസ്റ്റേറ്റിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് എത്ര ലക്ഷം രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഫംഗ്ഷണൽ എസ്റ്റേറ്റിന്റെ പ്രവർത്തനം എന്ന് തുടങ്ങും എന്ന് വ്യക്തമാക്കാമോ ; ഇതുവരെ പ്രവർത്തനം തുടങ്ങാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) റബറിനുവേണ്ടിയുള്ള ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ, മാതൃ സ്ഥാപനത്തിന്റെ (സി. എഫ്. എസ്. സി.) കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ടി എസ്റ്റേറ്റിനുവേണ്ടി നാളിതുവരെ 26,148,75 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഫോർ റബറിന്റെ പ്രവർത്തനം എന്നു തുടങ്ങുവാൻ കഴിയുമെന്ന് കൃത്യമായി ഇപ്പോഴും പറയാൻ നിർവാഹമില്ല. ടി എസ്റ്റേറ്റിൽ വെള്ളം, വൈദ്യുതി, മെഷീനറികൾ എന്നിവ ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസമാണ് ടി വ്യവസായ എസ്റ്റേറ്റിന്റെ പ്രവർത്തനം തുടങ്ങാതിരിക്കുന്നതിനുള്ള കാരണം. മേൽപ്പറഞ്ഞ തടസ്സങ്ങൾ നീക്കുവാൻ വേണ്ട നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

മട്ടാഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ ശോച്യാവസ്ഥ

15. [2269] ശ്രീ. എം. ജെ. സക്കറിയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടാഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) അത് സംബന്ധമായ നടപടി എന്തായി എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ കോടതി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ കാലപ്പഴക്കവും അപകടാവസ്ഥയും പരിഗണിച്ച് അടിയന്തിരമായി വാടക കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി എടുക്കുമോ ;

(ഡി) ഇപ്പോൾ ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പ്രതിമാസ വാടക എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എയും ബിയും) മട്ടാഞ്ചേരിയിൽ 59 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു കോർട്ട് കോംപ്ലക്സ് പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നാലു സിവിൽ കോടതികൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി ഹൈക്കോടതി കണ്ടെത്തിയ കെട്ടിടത്തിന്റെ വാടക സംബന്ധിച്ച കാര്യങ്ങൾ നെഗോഷിയേറ്റ് ചെയ്യാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കളക്ടറുടെ അന്തിമ റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ഡി) പ്രതിമാസം 4,500 രൂപയാണ്.

സിലിക്കേറ്റ് മാനുഫാക്ചറേഴ്സ് അസോസിയേഷന്റെ നിവേദനം

16. [2271] ശ്രീ. എം. വി. രാഘവൻ :
,, നാലകത്തു സൂപ്പി :
,, സി. ടി. അഹമ്മദ് അലി :
,, ഇസ്ഹാക് കുരിക്കൾ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, എം. ജെ. സക്കറിയ :
,, ഖെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സിലിക്കേറ്റ് വ്യവസായത്തിനുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സിലിക്കേറ്റ് മാനുഫാക്ചറേഴ്സ് അസോസിയേഷനിൽ നിന്നും ഗവൺമെന്റിന് 3-3-1991-നു എന്തെങ്കിലും നിവേദനം ലഭിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly